സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ
(ഹാജർ: ഷീബാ ജോർജ് ഐ.എ.എസ് )

ഉത്തരവ് നം. C1/930/2020 തിരുവനന്തപുരം,
തീയതി. 04/06/2020

---

വിഷയം: സാമൂഹ്യനീതി വകുപ്പ് - പ്രൊബേഷൻ -ജയിൽ തടവുകാരുടെ മക്കൾക്കുള്ള പ്രൊഫഷണൽ വിദ്യാഭ്യാസ ധനസഹായം – നെട്ടുകാൽത്തേരി തുറന്ന ജയിൽ & കറക്ഷണൽ ഹോം – ശ്രീ. പ്രസാദ് പി.ബി യുടെ മകൻ ചിക്കു പ്രസാദിന് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 1. സ.ഉ.(സാധാ) നം. 323/2017/സാ.നീ.വ തീയതി 30/05/2017

2.നെട്ടുകാൽത്തേരി തുറന്ന ജയിൽ & കറക്ഷണൽ ഹോം സൂപ്രണ്ടിന്റെ 17/10/2019 -ലെ OP-4/945/2019 നം. കത്ത്.

ജീവപര്യന്തമോ വധശിക്ഷയ്ക്കോ ശിക്ഷിക്കപ്പെട്ട് ജയിൽ ശിക്ഷ അനുഭവിച്ചു വരുന്ന ജയിൽ തടവുകാരുടെ കുട്ടികൾക്ക് സംസ്ഥാനത്തിനകത്തുള്ള സർക്കാർ / എയ്ഡഡ് കോളേജുകളിൽ ഡിഗ്രി തലത്തിലുള്ള പ്രൊഫണൽ കോഴ്സുകൾ പഠിക്കുന്നതിന് സർക്കാർ നിരക്കിലുള്ള ഫീസ് ( വാർഷിക ഫീസും ഹോസ്റ്റൽ ഫീസും ഉൾപ്പെടെ ) അനുവദിക്കുന്നതിനും, വിവിധ കോഴ്സുകൾക്ക് ഫീസ് ഘടനയിൽ വ്യത്യാസമുള്ളതിനാൽ ഒരു കുട്ടിയ്ക്ക് പരമാവധി ഒരു ലക്ഷം രൂപാ എന്ന നിലയിൽ അനുവദിക്കുന്നതിനും സൂചന (1) പ്രകാരം ഉത്തരവായിട്ടുണ്ട്.

2019-20 സാമ്പത്തിക വർഷത്തെ പ്രൊഫഷണൽ വിദ്യാഭ്യാസ ധനസഹായത്തിനായി നെട്ടുകാൽത്തേരി തുറന്ന ജയിൽ & കറക്ഷണൽ ഹോമിലെ തടവുകാരനായ ശ്രീ. പ്രസാദ് പി.ബി ( C.No. 3181 ) യുടെ അപേക്ഷ സൂചന (2) പ്രകാരം നെട്ടുകാൽത്തേരി തുറന്ന ജയിൽ & കറക്ഷണൽ ഹോം സൂപ്രണ്ട് ലഭ്യമാക്കിയിരിക്കുന്നു.

പ്രസാദ് പി.ബി, പതിനഞ്ചിൽ ഹൗസ്, പള്ളം പി.ഒ, നാട്ടകം, കോട്ടയം എന്നയാളുടെ മകനായ ചിക്കു പ്രസാദ് ചെങ്ങന്നൂർ ഗവ. എഞ്ചിനീയറിംഗ് കോളേജിൽ B.Tech ( Computer Science ) 4 – ആം വർഷ വിദ്യാർഥിയാണെന്നും, ടിയാൻ മെറിറ്റ് സീറ്റിൽ ആണ് അഡ്മിഷൻ നേടിയതെന്നുമുള്ള കോളേജ് പ്രിൻസിപ്പലിന്റെ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. 2019-20 – ലെ കോഴ്സ് ഫീസ് 38400.00 രൂപയാണെന്ന് അറിയിച്ചിട്ടുണ്ട്. അപേക്ഷകൻ ബി.പി.എൽ വിഭാഗത്തിൽപ്പെട്ടയാളുമാണ്.

മേൽ വിവരിച്ച സാഹചര്യത്തിൽ നെട്ടുകാൽത്തേരി തുറന്ന ജയിൽ & കറക്ഷണൽ ഹോമിൽ ദീർഘകാലമായി തടവ് ശിക്ഷ അനുഭവിച്ചുവരുന്ന ശ്രീ. പ്രസാദ് പി.ബി യുടെ മകനും, ചെങ്ങന്നൂർ ഗവ. എഞ്ചിനീയറിംഗ് കോളേജിൽ B.Tech ( Computer Science ) 4 – ആം വർഷ വിദ്യാർഥിയുമായ ചിക്കു പ്രസാദിന് 2019-20 സാമ്പത്തിക

വർഷത്തെ പ്രൊഫഷണൽ വിദ്യാഭ്യാസ ധനസഹായമായി വാർഷിക ഫീസും ഹോസ്റ്റൽ ഫീസും ഉൾപ്പെടെ 38400/- ( മുപ്പത്തി എണ്ണായിരത്തി നാന്നൂറ് രൂപാ മാത്രം ) രൂപാ അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു. ഈ തുക ചെങ്ങന്നൂർ ഗവ. എഞ്ചിനീയറിംഗ് കോളേജിന്റെ പേരിൽ State Bank of India യുടെ ചെങ്ങന്നൂർ ശാഖയിൽ നിലവിലുള്ള 57030749064 ( IFSC Code - SBIN0070085 ) നമ്പർ അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്യുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

| Sl No. | Name & Address of Applicant | Name of Beneficiary | Class | Amount (Rs.) | Bank Account Number & IFS Code | Name of Bank & Branch |
|---|---|---|---|---|---|---|
| 1 | P B Prasad, Pathinanjil, Pallam PO, Kottayam | Chikku Prasad | B Tech IV Sem | 48400.00 | 57030749064 SBIN0070084 | SBI Chengannur |

ഇതിലേയ്ക്കാവശ്യമായ ചെലവ് 2020-21 സാമ്പത്തിക വർഷത്തിൽ 2235-02-106-93 ( പ്ലാൻ ) എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കാവുന്നതാണ്.

(ഒപ്പ്)

സാമൂഹ്യനീതി ഡയറക്ടർ

സബ് ട്രെഷറി ഓഫീസർ ,വികാസ് ഭവൻ

പകർപ്പ് :

1.സുപ്രണ്ട് എ /ബി /പ്ലാന്നിംഗ് സെക്ഷൻ

2.പ്രിൻസിപ്പൾ,എഞ്ചിനീയറിംഗ് കോളേജ് ,ചെങ്ങന്നൂർ

3.സുപ്രണ്ട്, നെട്ടുകാൽത്തേരി തുറന്ന ജയിൽ

4 .സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്